കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

# കേരള സംഗീത നാടക അക്കാദമി ഏകപാത്ര നാടകോത്സവം നടത്തും: നാടകോത്സവത്തിലേക്കുള്ള എൻട്രികൾ ഫെബ്രുവരി 23 വരെ സമർപ്പിക്കാം

## 50 ഏകപാത്ര നാടകങ്ങൾക്ക് 15 ലക്ഷം രൂപയുടെ ധനസഹായം

അരങ്ങിനെ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി കേരള സംഗീത നാടക അക്കാദമി ഏകപാത്ര നാടകോത്സവം നടത്തും. പുതിയ നാടകങ്ങളോ, നിലവിൽ അവതരിപ്പിച്ചു കൊണ്ടിരിക്കുന്ന നാടകങ്ങളോ ആകാം. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന 50 ഏകപാത്ര നാടകങ്ങൾക്ക് രണ്ട് വേദികളിൽ അവതരണം നടത്തുന്നതിന് 30,000 രൂപ വീതം അക്കാദമി പ്രതിഫലം നൽകും. പത്ത് കേന്ദ്രങ്ങളിലെ ഏകപാത്ര നാടകോത്സവങ്ങളിലായി 50 ഏകപാത്ര നാടകങ്ങളുടെ നൂറ് അവതരണങ്ങൾ നടത്താനാണ് അക്കാദമി ലക്ഷ്യമിടുന്നതെന്ന് സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി പറഞ്ഞു. നാടകം അവതരിപ്പിക്കുന്ന സംഘം അക്കാദമിയിൽ അഫിലിയേറ്റ് ചെയ്യണമെന്ന് നിർബന്ധമില്ല. വ്യക്തികൾക്കും നാടക കലാകാരന്മാർക്കും ഏകപാത്ര നാടകോത്സവത്തിലേക്കുള്ള എൻട്രികൾ ഫെബ്രുവരി 23 വരെ സമർപ്പിക്കാം. വെള്ളക്കടലാസിൽ തയ്യാറാക്കുന്ന അപേക്ഷയോടൊപ്പം നാടകസംഘം, അഭിനേതാവ്, സംവിധായകൻ, നാടകകൃത്ത് എന്നിവരെക്കുറിച്ചുള്ള വിശദാംശങ്ങളും നാടകകൃത്തിന്റെ സമ്മതപത്രവും നാടകത്തിന്റെ ഉള്ളടക്കം, സന്ദേശം എന്നിവ രേഖപ്പെടുത്തിയ ചെറുകുറിപ്പും ഉണ്ടായിരിക്കണം. ഏകാംഗ നാടകാവതരണം, സ്വതന്ത്രമായ നാടക രചനയല്ലാതെ, മറ്റേതെങ്കിലും കൃതിയുടെയോ ആവിഷ്കാരങ്ങളുടെയോ അഡാപ്റ്റേഷനായോ, പ്രചോദമുൾക്കൊണ്ടോ, തയ്യാറാക്കിയതാണെങ്കിൽ, പകർപ്പവകാശ പരിധിയിൽ വരുന്നതാണെങ്കിൽ, മൂലകൃതിയുടെ ഗ്രന്ഥകർത്താവിൽ നിന്ന് സമ്മതപത്രം വാങ്ങി അപേക്ഷയൊടൊപ്പം ഹാജരാക്കണം. മൂലകൃതിയുടെ ഗ്രന്ഥകർത്താവിൽ നിന്ന് സമ്മതപത്രം വാങ്ങി ഹാജരാക്കാൻ പറ്റിയില്ലെങ്കിൽ, പകർപ്പവകാശവുമായി ബന്ധപ്പെട്ട എല്ലാ നിയമപരമായ പ്രശ്നങ്ങൾക്കും നാടകസംഘം സെക്രട്ടറി/ അപേക്ഷകർ ഉത്തരവാദിയായിരിക്കുമെന്ന് രേഖപ്പെടുത്തി, നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കണം. അരമണിക്കൂറിൽ കുറയാത്തതും മുക്കാൽ മണിക്കൂറിൽ അധികരിക്കാത്തതതുമായ ഏകാംഗ നാടകത്തിൻറെ സിഡി/ പെൻഡ്രൈവ് എന്നിവയും അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കണം. വാട്സ് ആപ്പ്, ഇ-മെയിൽ മുഖേന അപേക്ഷയും ഏകാംഗ നാടകത്തിന്റെ ഡിജിറ്റൽ ഫോർമാറ്റും സ്വീകരിക്കുന്നതല്ല. അപേക്ഷയോടൊപ്പം അക്കാദമിയിൽ ഹാജരാക്കുന്ന രേഖകൾ തിരിച്ചു നൽകുന്നതല്ല.

**ഡോ. പ്രഭാകരൻ പഴശ്ശി**
സെക്രട്ടറി,
കേരള സംഗീത നാടക അക്കാദമി